## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1977** **07.12.2015 ന് മറുപടിയ്ക്ക്**

## സുബോധം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.സി വിഷ്ണുനാഥ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, ജോസഫ് വാഴയ്ക്കൻ<br>,, സി.പി.മുഹമ്മദ് :** | **ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) സുബോധം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) പുനർജനി 2030 ന്റെ ഭാഗമായി ലഹരിവിമുക്ത കേരളം സാക്ഷാത്ക്കരിക്കുന്നതിനായി 'സുബോധം' എന്ന ഒരു ബൃഹത്തായ പദ്ധതിയ്ക്ക് 25.9.2015 ലെ ജി.ഒ.(എം.എസ്) 171/15/നി.വ. നം ഉത്തരവ് പ്രകാരം രൂപം നൽകിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനു ദ്ദേശിക്കുന്നത്; വിശദാംശ ങ്ങൾ എന്തെല്ലാം; | (ബി) സർക്കാർ പ്രഖ്യാപിത മദ്യനയത്തിന്റെ അന്തഃസത്ത പൂർത്തീകരിക്കുന്നതിനും, മദ്യരഹിത കേരളം എന്ന മഹത്തായ ലക്ഷ്യം വരുന്ന 10 വർഷത്തിനുള്ളിൽ കൈവരിക്കുക എന്ന ഉദ്ദേശത്തോടുകൂടി ബൃഹത്തായ ബോധവത്ക്കരണ പരിപാടികളിലൂടെ ഒരു വർഷം കൊണ്ട് മദ്യത്തിനടിമപ്പെട്ട ഒരു ലക്ഷം പേരെ അതിൽ നിന്നും പിൻതിരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 'പുനർജനി 2030' പദ്ധതിയുടെ ഭാഗമായി, ബൃഹത്തായ ബോധവത്ക്കരണ പരിപാടികൾ, ബിഹേവിയറൽ ചെയ്ഞ്ച് ക്യാമ്പയിൻ, അച്ചടി, ഇലക്ട്രോണിക്, നവമാധ്യമങ്ങൾ, സാമൂഹിക് ചാനലുകൾ എന്നിവ വഴിയുള്ള ബോധവത്ക്കരണ സന്ദേശം പ്രദർശിപ്പിക്കൽ, പൊതുജനങ്ങൾക്ക് തങ്ങളുടെ ആശയങ്ങൾ പങ്കുവക്കാൻ അനുയോജ്യമായ വേദി ഒരുക്കൽ, പരസ്യപ്രചരണം, ലഹരിവിരുദ്ധ സന്ദേശമടങ്ങിയ |

| | | | |
|---|---|---|---|
| | | | ലഘുലേഖ വിതരണം, റിയാലിറ്റി ഷോ ഉൾപ്പെടെയുള്ള വിവിധ ടെലിവിഷൻ പ്രോഗ്രാമുകൾ, എന്നീ പ്രവർത്തനങ്ങളിലൂടെ മദ്യത്തിന്റെ ആവശ്യകത കുറയ്ക്കുക, ദുരിത ലഘൂകരണം, ലഹരിയ്ക്ക് അടിമപ്പെട്ടവരുടെ പുനരധിവാസം നടത്തുക അത് വഴി ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യത്തിൽ എത്തിച്ചേരുക എന്നതാണ് സുബോധം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. |
| (സി) | പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത്? | (സി) | 'സുബോധം' പദ്ധതിയുടെ പൂർണ്ണനടത്തിപ്പിനും മേൽനോട്ടത്തിനുമായി 27.04.2015 ലെ ജി.ഒ.(എം.എസ്) നം. 73/2015/നി.വ. ഉത്തരവ് പ്രകാരം ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ 25.09.2015 ലെ ജി.ഒ.(എം.എസ്) നം.171/15/നി.വ.നം. ഉത്തരവ് പ്രകാരം 'സുബോധം' പദ്ധതിരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ 2015-16 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിയിൻ കീഴിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വിവിധ പ്രവർത്തനങ്ങൾക്കായി 78.80 കോടി രൂപയുടെ പദ്ധതിക്ക് 25.9.2015 ലെ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**